No. 172/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ ജനങ്ങൾ അകമഴിഞ്ഞ് നൽകുന്ന സഹായങ്ങളാലും പ. സഭയുടെ രണ്ടു സെമിനാരികളും അഭിവൃദ്ധിപ്പെട്ടുവരുന്നതിൽ ദൈവത്തെ സ്തുതിക്കാം. കോട്ടയത്തുള്ള ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ബി. ഡി. ഡിഗ്രിക്ക് 134 വിദ്യാർത്ഥികളും നാഗ്പൂർ സെന്റ് തോമസ് വൈദിക സെമിനാരിയിൽ 60 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ കോട്ടയം വൈദിക സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും, ഡോക്ടറേറ്റിനും ഇതര സഭകളിൽ നിന്നുള്ളവരുൾപ്പെടെ 50 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്സിൽ സെറാമ്പൂർ സർവ്വകലാശാലയുടെ അംഗീകാരമുള്ള "ഡിപ്ലോമാ ഇൻ ലിറ്റർജിക്കൽ മ്യൂസിക്ക്", പ്രത്യാശാ കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ കൗൺസലിംഗ് കോഴ്സ് എന്നിവയും നടത്തുന്നു. നാഗ്പൂർ സെമിനാരി ആരംഭിച്ച 'സത്യജ്യോതി' ഓൺലൈൻ കോഴ്സ് ഏറെ ശ്ലാഘനീയമാണ്. ലൈബ്രറിയുടെ ആധുനീകവൽക്കരണവും പൂർത്തിയായി. നാഗ്പൂർ സെമിനാരി ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയായിരിക്കുന്നു.

ദൈവകൃപയാൽ അനേക സഭാമക്കൾ വൈദിക ശുശ്രൂഷയ്ക്ക് താല്പര്യം ഉള്ളവരാണ്. ആഴമേറിയ ദൈവാശ്രയമുള്ള ഉത്തമവിശ്വാസികളെ കണ്ടെത്തി അവർക്ക് മികവുറ്റ പരിശീലനം നൽകേണ്ടിയിരിക്കുന്നു. ഈ വർഷം ഒക്ടോബർ 4 ഞായറാഴ്ചയാണ് സെമിനാരിദിനം. 'കോവിഡ് 19' മഹാമാരി ലോകമെങ്ങും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന കാലഘട്ടം കൂടിയാണിത്. ഇടവകകൾ സാമ്പത്തികമായ ഞെരുക്കം ഏറെ അനുഭവിക്കുന്നുണ്ടെങ്കിലും വൈദീക സെമിനാരികളുടെ പ്രവർത്തനം മുടക്കം കൂടാതെ നിർവ്വഹിക്കേണ്ടത് പരി. സഭയുടെ നിലനിൽപ്പിന് അനിവാര്യമാണ്. ആയതിനാൽ പ്രതിസന്ധികൾ നേരിടുന്ന ഇക്കാലത്തും സാദ്ധ്യമായ എല്ലാ സാമ്പത്തിക പിന്തുണയും വൈദീക സെമിനാരികൾക്ക് നൽകി സഹായിക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും രണ്ടു സെമിനാരികൾക്കും വേണ്ടി പ്രാർത്ഥന നടത്തുകയും, അന്നത്തെ സെമിനാരിദിന കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 4ന് വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത വി. കുർബ്ബാനയുള്ള പൊതു ആരാധനാദിവസം സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. കവർപിരിവിൽ ലഭിക്കുന്ന തുക മുഴുവനായും പല പള്ളികളും അയച്ചുകൊടുക്കുന്നില്ല എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ദൈവനീതിക്കെതിരായ പാപമാണെന്ന് തിരിച്ചറിയണം. കവർ പിരിവും സെമിനാരി ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് ***പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം, കേരള, 686001*** എന്ന വിലാസത്തിൽ ഒക്ടോബർ 31നു മുമ്പായി അയച്ചുകൊടുക്കണം. ലഭിക്കുന്ന തുക അവിടെ നിന്ന് ഇരുസെമിനാരികൾക്കും ആനുപാതികമായി വീതിച്ചു നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 സെപ്റ്റംബർ മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.